(സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഫണ്ട് വിനിയോഗത്തിൽ ചില വ്യതിയാനങ്ങൾ വരുത്താൻ സംസ്ഥാന ഗവൺമെന്റിന് സ്വാതന്ത്ര്യം ഉണ്ടാവണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഭൂമിശാസ്ത്ര അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ

124 [723] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ഭൂമിശാസ്ത്ര ജൂനിയർ, സീനിയർ അദ്ധ്യാപകരുടെ എത്ര തസ്തികകൾ വീതമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്രയെണ്ണം നേരിട്ട് നിയമനം നടത്തേണ്ടവയെന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ തസ്തികകളിൽ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ട്രാൻസ്ഫറിലൂടെ നിയമനം നടത്തുവാൻ യോഗ്യരായ ഭൂമിശാസ്ത്ര അദ്ധ്യാപകരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ ആകെ എത്ര പേർ ഉണ്ടെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ ;

(ഡി) ട്രാൻസ്ഫറിലൂടെ നിയമിക്കുവാനായി നീക്കിവച്ചിട്ടുള്ളതും എന്നാൽ യോഗ്യരായവർ ഇല്ലാത്തതുകൊണ്ടും നിയമിക്കുവാൻ കഴിയാതെയിരിക്കുന്നതുമായ ഒഴിവുകളിൽ നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭൂമിശാസ്ത്ര സീനിയർ അദ്ധ്യാപകരുടെ 120 തസ്തികകളും ജൂനിയർ അദ്ധ്യാപകരുടെ 25 തസ്തികകളുമാണ് ഉള്ളത്. ഇതിൽ സീനിയർ അദ്ധ്യാപകരുടെ 90 തസ്തികകളും ജൂനിയർ അദ്ധ്യാപകരുടെ 19 തസ്തികകളും നേരിട്ട് നിയമനം നടത്തേണ്ടവയാണ്.

(ബി) സീനിയർ, ജൂനിയർ തസ്തികകളിലെ നേരിട്ട് നിയമനത്തിനായുള്ള മുഴുവൻ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) യോഗ്യരായ അദ്ധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ലിസ്റ്റിൽ ആകെ 15 പേരാണ് ഉണ്ടായിരുന്നത്. 15 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ഡി) യോഗ്യരായ അദ്ധ്യാപകരുടെ അഭാവത്തിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്കു വിധേയമായി നിയമനം നടത്തുന്നതാണ്.

ഹയർ സെക്കണ്ടറി മേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് നടപടി

125 [724] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് രൂപീകരിക്കുമ്പോൾ അതിനുകീഴിൽ എത്ര സ്ക്കൂളുകളും അദ്ധ്യാപകരും വിദ്യാർത്ഥികളുമാണ് ഉണ്ടായിരുന്നതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly